# OPENING SPEECH - JALSA SALANA

**Hazrat Khalifatullah Munir Ahmad Azim (A)**

*11 November 2015 (28 Muharram 1437 Hijira)*

## വാർഷിക സമ്മേളനം
## ഉത്ഘാടന പ്രസംഗം
## ഹസ്രത് ഖലീഫത്തുല്ലാഹ് മൂനീർ അഹ്മദ് അസീം (അ)
## 11 നവംബർ 2015 (28 മുഹ്ർറം 1437 ഹിജ്‌രി)

സലാമിന് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, ത അവ്വദ് സൂറഃ അൽ ഫാത്തിഹ ഓതിയ ശേഷം മൗറിഷ്യസിലെ അഹ്മദിയ്യ ആത്മീയ ശതവാർഷിക ആഘോഷത്തെ ആസ്പദമാക്കി തന്റെ പ്രഭാഷണം ആരംഭിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ , മൗറിഷ്യസിന്റെ വടക്ക്, ഇന്ന്, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ വാർഷിക സമ്മേളനം കൊണ്ടാടുകയാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ കാലാനുഗത ചരിത്രത്തിലെ സു പ്രധാനമായ ഒരു വാർഷിക സമ്മേളനമാണിത്. കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ മുൻഗാമികൾ ആദ്യമായി അംഗീകരിച്ചിട്ട് ഇന്നേക്ക് 100 വർഷങ്ങൾ പിന്നിടുകയാണ്. അല്ലാഹു (ത) യുടെ പദ്ധതി പ്രകാരമാണ്, ഈ ചെറുദ്വീപിൽ, ഇതെല്ലാം സംഭവിച്ചിട്ടുള്ളത്. ലോക ഭൂപടത്തിൽ ഈ ചെറുദ്വീപ് കണ്ട്ത്തുവാൻ വളരെ പ്രയാസമാണ്. ഇന്ന് അല്ലാഹു (ത) ഇതാ അവന്റെ മറ്റൊരു മസീഹിനെ ഇവിടെ ഉയർത്തിയിരിക്കുന്നു. ഈ ചെറു ദ്വീപിൽ കഴിഞ്ഞ മസീഹിന്റെ സന്ദേശ ശതവാർഷിക ആഘോഷ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഇപ്പോൾ ഇതാ നിങ്ങളുടെയിടയിൽ നിർത്തിയിരിക്കുന്നു. അല്ലാഹു (താ) ഈ നൂറ്റാണ്ടിലെ മസീഹും ഖലീഫത്തുല്ലാഹ്‌യുമായ ഞാൻ സത്യാന്വേഷകരോടൊപ്പം 2015 ലെ വാർഷികസമ്മേളനം ആഘോഷിക്കുവാൻ ആഗ്രഹിച്ചിരിക്കുന്നു. 2015 ലെ ഈ അതിമഹത്തായ ചടങ്ങിൽ പങ്കെടുക്കുവാനുള്ള അതിമഹത്തായ ബഹുമതി അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്ക് നല്കിയിരിക്കുന്നു. ഈ വിഷയം സംബന്ധമായി ഒരു ശതവാർഷിക മാസിക ആദ്യമായി പ്രസിദ്ധീകരിക്കാനുവുള്ള അവസരം അല്ലാഹു (താ) ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിന് നൽകിയിരിക്കുന്നു. അങ്ങനെ ശതവാർഷിക ആഘോഷത്തിന് ദ്വീപിലെ വിവിധ ഗ്രാമങ്ങളിൽ തുടക്കം കുറിക്കുകയും അനേകം സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും മറ്റ് സമൂഹിക പ്രവർത്തനങ്ങൾക്ക് നാന്ദി കുറിക്കുകയും ചെയ്തു.

ആയതിനാൽ ഈ വാർഷികസമ്മേളനത്തിന് ഇന്ന് മറ്റൊരു സ്ഥാനവും പ്രാധാന്യവും കൈവന്നിരിക്കുകയാണ്. കഴിഞ്ഞ 100 വർഷത്തെ ഫലങ്ങൾ പ്രകടമാക്കുന്ന ഒരു സമ്മേളനമാണ് ഇത്. കാരണം അല്ലാഹുവിൽ നിന്നുള്ള യഥാർത്ഥ അനുഗ്രഹം സ്വീകരിച്ചും അല്ലാഹുവിന്റെ ഖലീഫ തന്നെ 1915 ൽ ഈ മാർഗ്ഗത്തിൽ കഠിനദ്ധ്വാനം ചെയ്തവരെയും, ത്യാഗം ചെയ്തവരെയും ബഹുമാനിക്കുവാൻ എത്തിയിരിക്കുന്നു. ആസന്ദേശം അവർ സ്വീകരിച്ചപ്പോൾ അവർ എല്ലാവിധ പീഡനങ്ങൾക്കും വിധേയമാക്കപ്പെട്ടു. (അവരുടെ വിശ്വാസ സംരക്ഷണത്തിനായി) അവരുടെ പരീക്ഷണങ്ങളും ത്യാഗങ്ങളും വെറുതേ ആയില്ല. ഇതിന്റെ ഫലങ്ങൾ ഇതേ ദ്വീപിൽ തന്നെ കൊണ്ടു വന്നിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അല്ലാഹു (താ) അവന്റെ മസീഹിനെ അവന്റെ മുഹ്‌യിദ്ദീനെ, അവന്റെ ഖലീഫയെ ഉയർത്തിയിരിക്കുന്നു. നിങ്ങൾ ഇഷ്ടപ്പെടാലും ഇഷ്ട്ടപ്പെട്ടില്ലെങ്കിലും വസ്തുത അവശേഷിക്കുന്നു. അല്ലാഹു (ത) ഈ വിനിതനെ നിയോഗിച്ചിരിക്കുന്നു. അല്ലാഹു (ത) വിധിച്ചിരിക്കുന്നു . എന്റെ ഖലീഫ (ഖലീഫത്തുല്ലാഹ്) എല്ലാ ജമാത്തുഅകളുടെയും മേൽ അതിജയിക്കുന്നതാണ്. ഒരു കാലഘട്ടത്തിന്റെ അന്ത്യത്തിൽ വരുന്നവർ പരാജയപ്പെടുന്നതാണ്. കാരണം, അവരുടെ പാരുഷ്യം, പൊങ്ങച്ചം മാത്രമല്ല തികച്ചും ഖണ്ഡിതമായി പറഞ്ഞാൽ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യെ നിരസ്സിക്കൽ അതായത് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന വെളിപാടുകളെ നിരസ്സിക്കൽ! അവരുടെ വിഗ്രഹത്തിന് ഇല്ലാത്ത പ്രാധാന്യം നല്കുന്നതിലൂടെ (അല്ലാഹുവിനും അവന്റെ ദൃഷ്ടാന്തങ്ങൾക്കും പകരം) അങ്ങനെ ഇപ്പോൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന, സാക്ഷ്യം വഹിച്ച് കൊണ്ടിരിക്കുന്ന ഫലങ്ങൾ അവർക്ക് ഉറപ്പായി. എന്നാൽ അല്ലാഹു (ത) ഇത് അവരെ കാണിച്ചുകൊണ്രിക്കുകയാണ്. അവർ കാര്യങ്ങൾ മനസിലാക്കാൻ വേണ്ടി. ഈ എളുപ്പവഴിയിലൂടെ, പണം അധികം ചെലവഴിക്കാതെ അവർക്ക് പുരോഗതിയിൽ എത്താൻ സാധിക്കും. എന്നാൽ അതിന് പകരം ഈ ആളുകൾ ചെയ്തു കൊണ്ടിരിക്കുന്നതു എന്താണ്? അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനായി സംഭാവനയായി നല്കിയ ധനം അവർ നഷ്ടപെടുത്തി കൊണ്ടിയിരിക്കുകയാണ്. ഈ ശതവാർഷിക സംഭവം ആദരീണയമാക്കി തീർക്കുവാൻ അല്ലാഹു (ത) അവന്റെ ഖലീഫയെ പ്രാപ്തനാക്കിയിരിക്കുകയാണ്.

ഈ വീനിതനെ ഈ മഹത്തായ സംഭവത്തിന്റെ എല്ലാ അവകാശങ്ങളും സ്വീകരിക്കുവാനുള്ള പ്രധാന വ്യക്തിയാക്കിയിരിക്കുകയാണ്. ജമാഅത്ത് അഹ്മദിയ്യായ്ക്ക്. ഈ ദൈവീക അനുഗ്രഹം നഷ്ടമായിരിക്കുകയാണ്. ഈ ശതവാർഷിക സംഭവം അവർ ആഘോഷിക്കുന്നുവെങ്കിലും, അതിൽ ആതമീയതലവലേശമില്ല, ആത്മീയ നീതി അതിൽ കാണാനില്ല, മധുരം നഷ്ടപ്പെട്ട് കൊഴിഞ്ഞുവീണ ഒരു ഓറഞ്ചുപോലെ ! അവരുടെ ഖജനാവ് നിറഞ്ഞിരിക്കുകയാണെങ്കിലും, വലിയ ഹാളുകൾക്കായി മുടക്കുന്ന വലിയ തുകകൾ ഉണ്ടങ്കിലും, ലോകത്തിലെ മഹാവ്യക്തിത്വങ്ങൾ സന്നിഹിതരാണെങ്കിലും അവരുടെ ഇടയിലുള്ള അല്ലാഹുവിന്റെ ദൂതനെ അവർ ദൂരത്താക്കിയിരിക്കുന്നു എന്ന വസ്തുത അവശേഷിക്കുന്നു. അവരെ പ്രകാശിപ്പിക്കുവാനുള്ള അല്ലാഹുവിന്റെ ഒരു പ്രകാശവുമില്ല. എല്ലായിടത്തും പരക്കേണ്ട ഒരു ആത്മീയ പ്രകാശം അവിടെയില്ല. ഒരിക്കൽമാത്രം ഉണ്ടാകുന്ന ശതവാർഷിക ആത്മീയാഘോഷത്തിന്റെ ഗുണം പ്രകടമാക്കുവാൻ വിശിഷ്യാ, ഹസ്രത്മിർസാഗുലാം അഹ്മദ് (അ) ന്റെ സന്ദേശം മൗറിഷ്യസിൽ എത്തിക്കാൻ അക്ഷീണം പ്രയത്നിച്ച ആദ്യകാല സത്യാന്വേഷികൾ അവരുടെ കഴിവിൽപെട്ടതെല്ലാം ഇത്തരം ശതവാർഷികാഘോഷത്തിനായി ചെയ്യും. അവർക്ക് വളരെ വലിയ പരീക്ഷണങ്ങളെ അതിജീവിക്കേണ്ട്തായും വരും! ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശം ഇന്നും പച്ചപിടിച്ചു നില്ക്കുന്നതിനായി.

ഇത്തരം പൊള്ളയായ ശതവാർഷികഘോഷ ചടങ്ങുകളിലേക്ക് നിങ്ങൾക്ക് വലിയ ഭൗതിക വ്യക്തിത്വങ്ങളെ ക്ഷണിക്കാൻ കഴിഞ്ഞെന്ന് വരും, സംസ്ഥാന നേതക്കന്മാരെയും മറ്റും ! എന്നാൽ അല്ലാഹു (ത) ഈ നൂറ്റാണ്ടിലേക്ക് തെരഞ്ഞെടുത്ത അല്ലാഹുവിന്റെ സേവകൻ പങ്കെടുക്കുന്നില്ലെങ്കിൽ അപ്പോൾ പിന്നെ ഈ ശതവാർഷികഘോഷങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളതെ ? അല്ലാഹു തെരെഞ്ഞടുത്ത ദാസനില്ലാതെ ഈ ശതവാർഷികഘോഷത്തിനെ എന്ത് അർത്ഥമാണുള്ളത് ? തീർച്ചയായും ഇത് പരിശുദ്ധമായ ആത്മീയ ശതവാർഷികമാണ്. അല്ലാഹുവിന്റെ ദൂതന്റെ മൂല്യം എന്താണെന്ന് അംഗീകരിച്ച വളരെകുറച്ച് ആളുകളെ ഉള്ളുവെങ്കിലും അല്ലാഹുവിൽ നിന്നും റൂഹുൽ ഖുദുസുമായിട്ടാണ് അദ്ദേഹം ആഗതനായിട്ടുള്ളത്. അതുകൊണ്ടാണ് ഇത് തികച്ചും ആത്മീയ ശതവാർഷികഘോഷമാണെന്ന് ഇതിനെ പറയുന്നത്! ഞങ്ങൾ ഇന്ന് ഇത് ആഘോഷിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ നിങ്ങൾ ഇപ്പോൾ ലോകസമക്ഷം പ്രകടിപ്പിക്കേണ്ട്തിന്റെ വീപരിതമായാണ് പ്രകടിപ്പിക്കുന്നത്. ദൈവീക ദൃഷ്ടാന്തങ്ങൾക്ക് നേരെ നിങ്ങൾ പിന്തിരിയുമ്പോൾ എല്ലാം അല്ലാഹു തെരഞ്ഞെടുത്ത ദാസനെ പരിഹസിക്കുമ്പോഴെല്ലാം മനുഷ്യർ തെരഞ്ഞെടുക്കുന്നവന് കൂടുതൽ പ്രധാന്യം നൽകുമ്പോഴെല്ലാം , നിങ്ങൾക്ക് ഇന്ന് ലഭിക്കുന്ന ഫലമെന്താണെന്ന് നിങ്ങൾ തന്നെ നോക്കികാണുക.

എന്നെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ കരങ്ങളാണള്ളുത്. ലാ ഗാലിബ ഇല്ലല്ലാഹ് അല്ലാഹു അവൻതന്നെയാണ് വിജയിക്കുന്നത്. ഈ കാലത്തെക്കുള്ള മഹത്തായ ജോലി ചെയ്യുവാൻ അവന്റെ മസീഹിനെ പ്രാപ്തനാക്കുന്നത് അവനാണ്. ജമാ അത്ത് അഹമദിയ എല്ലാ രംഗത്തും പരാജയപ്പെട്ടിരിക്കുന്നു. (എല്ലാ നല്ല പ്രവർത്തനങ്ങളിലും, കാരണം അവർ ദൈവീക ദൃഷ്ടാന്തത്തെ പരിഹാസപാത്രമാക്കി. അവരുടെ തന്നെ പ്രവർത്തിയിലൂടെ അവരെ അവർ ഇരുട്ടിലേക്ക് ചലിപ്പിക്കുകയാണുണ്ടായത്. അങ്ങനെ അവർക്ക് ദൈവീക പ്രകാശം നഷ്ടമായി. നമുക്കെതിരിൽ ശത്രുതയോടെ, നിസ്സകരണത്തോടെ, സലാം നിയന്ത്രണത്തിലൂടെ കുടുംബബന്ധങ്ങൾ തകർത്തതിലൂടെ ഇതു മാത്രമല്ല ഹസ്രത് മുഹമ്മദ് (സ) യുടെ മിമ്പറിലൂടെ ദൈവിക വെളിപാടുകളെപ്പറ്റിയുള്ള അവരുടെ പ്രകോപനവും ശത്രുതയും പ്രകടമാക്കി. അങ്ങനെ ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ ജമാഅത്ത്അഹ്മദിയ്യ, അഹ്മദിയ്യത്തിനെ സംരക്ഷിക്കുന്നവരെന്നു പറയുന്നവർ, അഹ്മദിയ്യാഖിലാഫത്ത്) ഞങ്ങളെ ഉന്മൂല നാശം വരുത്തുവാൻ നിങ്ങളുടെ എല്ലാവിധ കുതന്ത്രങ്ങളും എടുത്തു പരിശ്രമിച്ചുകൊള്ളുക. നിങ്ങൾക്ക് കഴിയുന്നതെല്ലാം ചെയ്തുകൊള്ളുക, എന്നാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ദൗത്യം പൂർത്തീകരിക്കുന്നതിൽ പരാജയപ്പെടുത്തുവാൻ നിങ്ങൾക്കാവില്ല. ഞാൻ നിങ്ങളോടു പറയുന്നു, അല്ലാഹു നിങ്ങോടൊപ്പമുണ്ടങ്കിൽ, ഞങ്ങൾ നിങ്ങൾക്കു സമയം തരുകയാണ്, നിങ്ങൾ മുന്നോട്ടുവരിക, ഞങ്ങളെ നശിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുന്നതൊക്കെ ചെയ്യുക, നിങ്ങൾ അരാചകത്വം സൃഷ്ടിച്ചുകൊള്ളുക, എന്നാൽ തീർച്ചയായും നിങ്ങൾ കാണുന്നതാണ്, ഈ ശതവാർഷിക അഹ്മദിയ്യ വർഷത്തിൽ അല്ലാഹു (ത)ആരോടൊപ്പമാണെന്ന് ! മൗറിഷ്യസ് ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവ വർഷം തന്നെയാണിത് ! അൽഹംദുലില്ലാഹ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുന്ന ആളുകളുടെ എണ്ണവും, കോമറോസിലും മറ്റുരാജ്യങ്ങളിലുമുണ്ടായിട്ടുള്ള വിജയവും, ഇൻശാ അല്ലാഹ് നിങ്ങൾ കൂടുതൽ അടയാളങ്ങൾ കാണാനിരിക്കുന്നു. അനേകം അനുഗ്രഹങ്ങളുടെ സ്വാധീനം ദർശിക്കാനിരിക്കുന്നതേയുള്ളു. ഇത് ഞങ്ങൾ നടത്തുന്ന ഒരു മത്സരം തന്നെയാണ്. അല്ലയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ ! നമുക്ക് നമ്മുടെ തഖ്വയുടെ ഉയരം കൂട്ടാം. നമുക്ക് നമ്മളെതന്നെ വിനയത്തോടെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കാം

ഒരു മനുഷ്യന് എത്താവുന്ന ഏറ്റവും ഔന്നത്യമുള്ള സ്ഥാനത്ത് എത്തിയത് നമ്മുടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ആകുന്നു. ഹസ്രത് മസീഹ് മൗഊദ്മിർസാഗുലാം അഹ്മദ് (അ) ആണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഏറ്റവും നന്നായി അറിഞ്ഞിട്ടുള്ളത് ! അദ്ദേഹം തഖ്വയ്ക്ക് വളരെ വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത് !ഇന്നിപ്പോൾ അഹ്മദികളുടെ തഖ്വ എവിടെ പോയി? അവരുടെ വിനയം അപ്രത്യക്ഷമായിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ) ന്റെ അധ്യാപനങ്ങൾ അവർ ചവിട്ടിമെതിക്കുകയാണ്. അതുകൊണ്ടാണ് അല്ലാഹു (ത) അവന്റെ മസീഹിനെ ഖലീഫത്തുല്ലാഹ് യെ ഈ നൂറ്റാണ്ടിലേക്ക് നിയോഗിച്ചിരിക്കുന്നത്. ആ അധ്യാപനങ്ങളെ നവീകരിക്കുവാൻ ! അത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം നവീകരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹസ്രത് മുഹമ്മദ് (സ) യുടെയും ഹസ്രത് മസീഹ്മൗഊദ് (അ) ന്റെയും അധ്യാപനങ്ങളെ ലോകത്തിന്റെ എല്ലാ കോണുകളിലേക്കും എത്തിച്ചു കൊണ്ടിരിക്കുന്നു..

ആയതിനാൽ, അല്ലയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ ! ഇന്നത്തെ ഈ ജൽസയെ സാധാരാണ ഇൽസായി കാണരുത്. കാരണം നിങ്ങൾക്കായി ഈ ജൽസ തയ്യാറാക്കിയത് അല്ലാഹു (ത) അവന്റെ കൈകൾ കൊണ്ടു തന്നെയാണ്. ചരിത്രപ്രാധാന്യമുള്ള ഈ വാർഷിക സമ്മേളനത്തിൽ നിങ്ങളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു (നമ്മുടെ ജമാ അത്തിലെ) ആർക്കും, ഈ വർഷത്തെ ജൽസ എങ്ങനെ ആഘോഷിക്കണമെന്നറിയില്ലായിരുന്നു. എന്നാൽ ഇന്ന് ഈ വർഷത്തെ നൂറുവർഷത്തിലൊരിക്കൽ സംഭവിക്കുന്ന പ്രത്യേകമായ അഹ്മദിയ്യാ ജൽസാ സാലാന വിജയമായിരുന്നു. അതിന്റെ എല്ലാ പരിപാടികളോടെയും പ്രവർത്തനങ്ങളോടെയും വിജയിച്ചിരിക്കുന്നു എന്ന് നാമിന്ന് സാക്ഷികളായിരിക്കുന്നു. വർണ്ണശമ്പളമായ ഫലങ്ങൾ അതുകൊണ്ടു വന്നിരിക്കുന്നു. ഞാൻ നിങ്ങളോട് ഇതു കൂടി പറയാൻ ആഗ്രഹിക്കുന്നു. അതായത് നാം എത്രത്തോളം വിജയശ്രീലാളിതരാകുന്നുവോ, നമുക്ക് എത്രത്തോളം വിജയം ലഭിക്കുന്നുവോ, നമ്മുടെ ശത്രുക്കൾക്ക് നമ്മുടെ വിജയം താങ്ങാവുന്നതിനും അപ്പുറമാണ്. അതുകൊണ്ട് തന്നെ അവരുടെ പ്രയത്നം ഇരട്ടിയാക്കിമാറ്റുന്നതാണ്. നമ്മുടെ പുരോഗതിയുടെ വഴിയിൽ പുകമറ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

അങ്ങനെ, ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മതിൽ വാനലോകത്തു നിന്നും മാലഖമാരുടെ ആഗമനം ഉണ്ടായികൊണ്ടിരിക്കുന്നതാണ്. ഈ ദൈവീക വിധിക്ക് തടസ്സം സൃഷ്ടിക്കുവാൻ ഭൂമിയിൽ ഒരു ശക്തിക്കും സാധ്യമല്ല. വിശിഷ്യാ പരീക്ഷണസമയങ്ങളിൽ, മാലാഖമാരുടെ എണ്ണത്തിൽ വർധനവുണ്ടാകുന്നതാണ് . കാരണം അല്ലാഹുവും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമുമായുള്ള ബന്ധം ദൃഢമാണ്. അവനാണ് അതിനെ ദൃഢമായി സ്ഥാപിച്ചിരിക്കുന്നത്. ഈ ബന്ധം മുറിഞ്ഞുകഴിഞ്ഞാൽ, ഈ ജമാഅത്ത് മരിച്ചിരിക്കുന്നു എന്നർത്ഥം. വളരെ അപകടകരമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്. തീർച്ചയായും നമ്മുടെ മേൽ പൈശാചിക കാര്യങ്ങൾക്കെല്ലാം തിരിച്ചടി നല്കാൻ നാം ദുർബലരാണ്. എന്നാൽ വിജയിക്കുവാൻ നാം നമ്മുടെ വേദനകളെ മറക്കുക എന്നിട്ട് ഈ വെളിപാട് ഓർക്കുക അല്ലാഹു നമ്മോടൊപ്പം ഉണ്ടായിരിക്കുമ്പോൾ, നമ്മോടൊപ്പം എല്ലാം ഉണ്ട്. നമ്മുടേതായ പ്രയാസങ്ങൾ ഉള്ളതോടൊപ്പംതന്നെ, മറ്റുള്ളവരുടെ വേദനകൾ അകറ്റുവാൻ നാം പരിശ്രമിക്കേണ്ടതാണ്.

മാനവകുലത്തിന്റെ മാന്യത കാത്തുസൂക്ഷിക്കുവാൻ നാം എത്തരത്തിലുള്ള മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് വിശുദ്ധഖുർതനും പ്രവാചക വചനങ്ങളുടെ നമ്മെ പഠിപ്പിക്കുന്നുണ്ട്. മതത്തിന്റെ പേരിൽ ശത്രുത പടർത്താൻ പാടില്ലാ എന്ന് അത് അടിവരയിട്ടു പറയുന്നു. (അഹ്മദിയ്യാ ജമാ അത്തു് ഇപ്പോൾ ശത്രുത പരത്തിക്കൊണ്ടിരിക്കുന്നു) അല്ലാഹു (ത) മതങ്ങൾ സ്ഥാപിച്ചത് അവന്റെ പ്രവാചകന്മാരിലൂടെയാണ് അവർ പ്രചരിപ്പിച്ചത് സഹോദര്യവും സ്നേഹവുമാണ്. ശത്രുത അവർ പ്രബോധിച്ചിട്ടേയില്ല. ജമാഅത്തു അഹ്മദിയ്യായ്ക് ഇതിൽ കൂടുതൽ നാണക്കേട് മറ്റെന്താണുള്ളത് !

അവരുട ആപ്തവാക്യം ഇപ്രകാരം എഴുതി വെയ്ക്കുന്നു. എല്ലാവരോടും സ്നേഹം, ആരോടുമില്ലാ വെറുപ്പ് അത് വെറുതെ പുറത്തു പ്രദർശിപ്പിക്കുവാൻ മാത്രം! തികച്ചും കപടനാടക പ്രവർത്തി ! അവരുടെ ഖലീഫ യഥാർത്ഥ്യത്തിൽ ദൈവീകമായി മാർഗ്ഗദർശനം നല്കപ്പെട്ടുവെങ്കിൽ അദ്ദേഹം ഒരിക്കലും ഇസ്ലാമിക വിരുദ്ധമായ ഈ നടപടി സഹിക്കുകയില്ലായിരുന്നു. അതായത് നിസ്സഹകരണം, സലാം പറഞ്ഞാൽ മടക്കാതിരിക്കുക, സലാം പറയാതിരിക്കുക, കുടുംബ ബന്ധങ്ങൾ വിഛേദിക്കുക, അഹ്മദികളുടെ ഹൃദയങ്ങളിൽ ശത്രുത വിതയ്ക്കുക തുടങ്ങിയവ അദ്ദേഹത്തിന്റെ ജമാ അത്തിന്റെ ചട്ടകൂട്ടിനകത്ത് അനുവദിക്കുമായിരുന്നില്ല. ഇതെല്ലാം എന്ത് കൊണ്ട് സംഭവിച്ചു ? എന്തുകൊണ്ടന്നാൽ, അല്ലാഹുവിന്റെ വീനിത ദാസനായ ഞാൻ പറഞ്ഞതുകൊണ്ടാണ് അതായത് എനിക്ക് അല്ലാഹു വിൽ നിന്ന് വെളിപാടുകൾ ലഭിക്കുന്നു എന്ന് ! ഇപ്പോൾ നിങ്ങൾ നോക്കു ! ആ ആളുകളുടെ അവസ്ഥ എന്താണെന്ന് ! അവരിപ്പോൾ വളരെ പരിതാപകരമായ അവസ്ഥയിലാണ് അവരിന്ന് ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്നു. ശതവാർഷികാഘോഷം, മൗറിഷ്യസിൽ, പരിപൂർണ്ണ അന്ധകാരത്തിൽ കൊണ്ടാടുകയാണ്. കൃത്രിമ ലൈറ്റുകൾ അവർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും, അവർ നല്ലപോലെ പ്രകാശിപ്പിച്ചിരിക്കുന്നു എന്ന് മറ്റുള്ളവർ കാണാനായി , എന്നാൽ മനസ്സിലാക്കുക, അവിടെ ആ ആഘോഷങ്ങളിൽ അല്ലാഹുവിന്റെ നൂർ (പ്രകാശം) അശേഷമില്ല !

2001 ജനുവരി മുതലാണ് ഈ ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭമുണ്ടായത്. അന്നു മുതൽ അവർ (ജമാ അത്ത് അഹ്മദിയ്യ) നമ്മുടെ മേൽ പൈശാചിക കാര്യങ്ങൾക്ക് തുടക്കമിട്ടു. ഇതിന്റെ മൂല കാരണം വെറുപ്പ് മാത്രമാണ്. അതിനെ തുടർന്ന് കുഴപ്പങ്ങൾ അവരുടെ മുൻ അമീറും അദ്ദേഹത്തിന്റെ മാനേജിംഗ് കമ്മിറ്റിയും ആരംഭിക്കുകയായിരുന്നു ?

ഈ കുഴപ്പങ്ങളും, പൈശാചിക കൃത്യങ്ങളും അവർ എനിക്കെതിരിൽ ആരംഭിച്ചു. അതു മാത്രമല്ല എന്റെ ശമ്പളം നല്കിയില്ലാ. മൊത്തം തുകയും നല്കിയില്ല. അവർ എനിക്ക് മൂന്ന് മാസ നോട്ടീസും നല്കിയില്ല. (നാട്ടിലെ നിയമമനുസരിച്ച്) ജമാഅത്തിന്റെ ഒരു ജോലിക്കാരനായി സേവനം ആവശ്യമില്ലെങ്കിൽ അവർ അത് എന്നെ മൂന്ന് മാസ നോട്ടീസിലൂടെ അറിയിക്കേണ്ടതായിരുന്നു. 2000 ഡിസംബർ വരെയും ഞാൻ റോഡ് ഗ്രീസിൽ ജോലിചെയത്കൊണ്ടുരിക്കുകയായിരുന്നു. എന്നിട്ട് അവർ ഇത്തരം വിഡ്ഢിത്തരങ്ങൾ പുലമ്പിക്കൊണ്ടിരിക്കുന്നു. അതായത് അവരാണ് ലോകത്തിലെ ഏറ്റവും നല്ല ജമാഅത്ത് എന്ന് ! അവർ കരുതുന്നു.

സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ അവരുടെ കൈയിലാണെന്ന് ! സ്വർഗ്ഗത്തിലെ അംബസഡർമാരെപോലെ അവർ പെരുമാറുന്നു. എല്ലാവിധ ദൈവീക അധ്യാപനങ്ങളുടേയും ഉത്തരവാദിത്വങ്ങൾ അവരുടെ കൈയിലാണെന്ന് ധരിക്കുന്നു. എന്നാൽ അത്ഭുതം എന്ന് പറയട്ടെ, ഈ അദ്ധ്യാപനങ്ങൾ അവരുടെ കാൽപാദത്തിൽ ഇട്ട് ചവിട്ടിമെതിക്കുന്നു.

കാൽപനീക ചലചിത്ര പരസ്യങ്ങളിലുള്ള സംസാരം പോലെ അവർ വാർത്തകൾ പ്രചരിപ്പിക്കുന്നു. അവർ വലിയ സ്ററാറുകൾ എന്ന് വരത്തക്ക നിലയിലുള്ള ഫലകങ്ങൾ സ്ഥാപിക്കുന്നു. എന്നാൽ സ്യ.ഷ്ട്ടാവിന്റെ മുന്നിൽ അവർ ഒന്നും അല്ല. എന്നാൽ അവർ വെറും കല്ലുകൾ മാത്രമാണ്. അവരെ നരകാഗ്നിയിലേക്ക് വലിച്ചെറിയപ്പെടുന്ന ദിനം ആരും സംരക്ഷകരായുണ്ടാവുകയില്ല! കത്തിജ്വലിക്കുന്ന നരകാഗ്നിയിൽ!

അതുകൊണ്ട് അല്ലയോ ജമാഅത്ത്സ്സഹിനിൽ ഇസ്ലാം അംഗങ്ങളെ നിങ്ങൾ സ്വയം എപ്പോഴും അല്ലാഹുവിന് നന്ദിയുള്ളവർ ആയിരിക്കണം. കാരണം അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെ സഹീഹിൽ ഇസ്ലാമിലേക്ക് തുറന്നിരിക്കുകയാണ്. ഈ ദൈവീക അദ്ധ്യാപനങ്ങളെ നിങ്ങൾ എപ്പോഴും കാത്ത് സൂക്ഷിച്ചുകൊള്ളണം നിങ്ങൾ ഒരിക്കലും അഹ്മദിയ്യാജമാഅത്തിലെ മുഖ്യ ആളുകളെ പോലെ ആകരുത്!

അപ്രകാരമായാൽ നിങ്ങളുടെ സഹോദരന്മാരോട് സ്നേഹം കാത്തുസൂക്ഷിക്കുന്നതിന് പകരം ശത്രുത ഹൃദയങ്ങളിൽ പടർന്ന് കയറും. അതായത് ഒരു ജമാ അത്തിലെ സഹോദരി സഹോദരന്മാരെല്ലാം വിവിധ ഗ്രാമങ്ങളിൽ ഉള്ളവർ, പട്ടണങ്ങളിൽ ഉള്ളവർ , രാജ്യങ്ങളിൽ ഉള്ളവർ, വാർഷിക സമ്മേളനത്തിന് ഒരിടത്ത് എത്തിചേരുക. തങ്ങളുടെ സഹോദരങ്ങളുമായി കണ്ടുമുട്ടുക. സ്നേഹം ഊട്ടി ഉറപ്പിക്കുക. സഹോദര്യം സ്ഥാപിക്കുക. സഹോദരങ്ങൾ പരസ്പരം പരിചയപ്പെടുക. മാത്രമല്ല ഇത്തര സമ്മേളനം ഐക്യതയെ ശക്തിപ്പെടുത്തുന്നു. അങ്ങനെയായൽ ശത്രുക്കൾക്ക് ജമാഅത്തിനു മേലുണ്ടാകുന്ന ദൗർഭാഗ്യത്തെക്കുറിച്ച് സന്തോഷിക്കാൻ വകയില്ലാതാകും ! ജമാഅത്ത് അംഗങ്ങൾ തക്കവിതർക്കങ്ങളിലേർപ്പെടാതെ, ഇത്തരം മോശപ്രവർത്തികൾ ഇല്ലാതാക്കുവാൻ അല്ലാഹുവിന്റെ ജമാഅത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ഇതാണ് മാർഗ്ഗം ! നാമൊരിക്കലും നമ്മുടെ ശത്രുക്കൾക്ക് സന്തോഷിക്കുവാൻ ഇടം നല്കരുത് ! ഒരു ജമാ അത്തിലെ ഏതെങ്കിലും രണ്ട് സഹോദരങ്ങൾ തമ്മിൽ തർക്കമുണ്ടെങ്കിൽ ഒരാൾ കീഴടങ്ങുവാൻ തയ്യാറാകാണം (അയാൾ ശരിയിലാണെങ്കിൽ പോലും) എന്നിട്ട് ആ സാഹചര്യത്തെ ക്ഷമയോടെയും പ്രാർത്ഥനയോടെയും നേരിടുക. അപ്പോൾ അല്ലാഹു (ത) അവന്റെ സാഹചര്യം അവന് അനുകൂലമാക്കി മാറ്റുന്നതാണ്. ഇൻശാ അല്ലാഹ് വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറഞ്ഞതുപോലെ നിശ്ചയമായും ക്ഷമ കൈക്കൊള്ളുന്നവർക്ക് അവരുടെ പ്രതിഫലം ഒരു കണക്കും കൂടാത പൂർണ്ണമായും നല്കപ്പെടുന്നതാണ് (39 : 11)

ഞാനീ പ്രഭാഷണം ഒരു ശ്രദ്ധ ക്ഷണിക്കലിലൂടെ, നിർത്തുകയാണ്. ഈ ഖുർആനിക വചനം പറയുന്നതുപോലെ ഏതൊരാൾ ക്ഷമ കൈകൊള്ളുന്നുവോ അയാൾ അല്ലാഹുവിനോട് കണക്ക്ബോധിപ്പിക്കേണ്ടിവരില്ല. ആയതിനാൽ സ്ഥിരചിത്തനാവുക, ക്ഷമാലു ആകുക, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം പൂർണ്ണതോതിൽ നിങ്ങൾക്കു ലഭിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! ക്ഷമയുണ്ടങ്കിൽ സ്ഥിരതയുണ്ടെങ്കിൽ, ഒരാൾക്ക് അനേകം വിപത്തുകളിൽ നിന്ന്, വെറുപ്പുകളിൽ നിന്ന് പ്രശ്നങ്ങളിൽ നിന്ന്, ഒഴിവാകുവാൻ സാധിക്കുന്നതാണ്.

ഒരിക്കൽ മാത്രം ഉണ്ടാകുന്ന 2015 ലെ ഈ ശതവാർഷിക സമ്മേളനാഘോഷത്തിലെ ഉത്ഘാടനയോഗത്തിലെ ഈ ആത്മീയ പ്രഭാഷണത്തിന്റെ സന്ദേശം പൂർണ്ണമായും ഗ്രഹിക്കുവാനുള്ള തൗഫീഖ് നമുക്കോരോത്തർക്കും അല്ലാഹു (ത) പ്രദാനം ചെയ്യട്ടെ ! ഇൻശാ അല്ലാഹു! ആമീൻ!

**Translated By:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**